(ബി) പത്തുവർഷം മുതൽ അൻപതുവർഷംവരെ വസ്തുവിൽ സർക്കാർ നിർമ്മിച്ചുനൽകിയ വീട്ടിൽ താമസിച്ചുവന്നവരും കുടിയിറക്കിയതുമായ പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയും വീടും നഷ്ടപരിഹാരവും നൽകണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) അതിൻമേൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 04 സെന്റ് ഭൂമി വീതം വിലക്ക് വാങ്ങികൊടുക്കുന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ന്യൂ ഫിഷർമെൻ കോളനിയിൽ താമസക്കാർക്ക് പട്ടയം നൽകാൻ നടപടി

58 (3145)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ന്യൂഫിഷർമെൻ കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് പട്ടയം ലഭിക്കാൻ അടിയന്തിര നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇനി 40 പേർക്ക് പട്ടയം നൽകാൻ ബാക്കിയുണ്ട്. അപേക്ഷ ലഭിക്കാത്തതുകൊണ്ടാണ് പട്ടയം നൽകാൻ സാധിക്കാതിരുന്നത്.

(ബി) അപേക്ഷകൾ വാങ്ങി പട്ടയം നൽകുന്നതിന് അടിയന്തിര നടപടികൾ എടുത്തു വരുന്നുണ്ട്.

കരം സ്വീകരിക്കാൻ നടപടി

59 (3146) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കടകമ്പള്ളി വില്ലേജിൽ സർവ്വേ 1445/എ-യിൽപ്പെട്ട (പട്ടയ നമ്പർ 17121) 8 സെന്റ് വസ്തുവിന്റെ കരം 1993-94 സാമ്പത്തികവർഷംവരെ ശ്രീ. അസ്ഗർ അലിഖാനിൽനിന്ന് സ്വീകരിച്ചുവെന്നും അതിനുശേഷം ഇദ്ദേഹത്തിൽനിന്ന് കരം വില്ലേജാഫീസർ സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല എന്നുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതി യിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പരാതിക്കാരനിൽനിന്നും വീണ്ടും പ്രസ്തുത വസ്തുവിന്റെ കരം ഈടാക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. അസ്ഗർ അലിഖാന്റെ പേരിൽ കടകംപള്ളി വില്ലേജിൽ സർവെ 1445/എ -യിൽ 8 സെന്റ് വസ്തുവിന് തണ്ടപേരും കരം തീരുവയും ഉള്ളതായി കാണുന്നില്ല. വില്ലേജ് ഓഫീസർ കരം സ്വീകരിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) പരാതിക്കാരൻ ബന്ധപ്പെട്ട ആധാരങ്ങൾ ഹാജരാക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ മമ്പുറം ബൈപാസ്സിന്റെ ലാന്റ് അക്വിസിഷൻ നടപടി

60 (3147)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മമ്പുറം ബൈപാസ്സിന്റെ ലാന്റ് അക്വിസി ഷൻ നടപടി ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ലാന്റ് അക്വിസിഷൻ എന്നത്തേക്ക് പൂർത്തിയാകും;

(സി) എന്നാണ് പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ലാന്റ് അക്വിസി ഷൻ നടപടി ആരംഭിച്ചത്;

(ഡി) മമ്പുറം ബൈപാസ്സിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ കൃത്യസമയത്ത് പൂർത്തിയാക്കാത്തതുമൂലം ഇതിനുമുമ്പ് അക്വിസിഷൻ നടപ ടികൾ ലാപ്സായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റിലെ ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് ഈ വീഴ്ചക്ക് ഉത്തരവാദികളെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവർ ആരൊക്കെ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ കേസിന്റെ 4(1) വിജ്ഞാപനം 6.9.99-ലെ കേരളാ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

(സി) 22.12.1996 ൽ.

(ഡി) ഉണ്ട്.

(ഇ) ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും തസ്തികയും തിട്ടപ്പെടു ത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly